# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1266** — **12-06-2014 ലെ മറുപടിക്ക്**

**കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എം. പി. വിൻസന്റ്<br>,, ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത് | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) (ബി) (സി) & (ഡി) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി. മീറ്റർ നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടി പുരോഗമിക്കുന്നു. ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 16.5 കി. മീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ബി.ഒ.റ്റി വ്യവസ്ഥയിൽ ദേശീയപാത അതോറിറ്റി നടപ്പിലാക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ (50:50) കൊല്ലം ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായുള്ള റീ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.<br><br>തലശ്ശേരി - മാഹി ബൈപ്പാസ് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയായി. ബി.പി.ആർ തയ്യാറാക്കി വരുന്നു. ദേശീയപാത അതോറിറ്റി ബി.ഒ.റ്റി വ്യവസ്ഥയിൽ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കാൻ NATPAC നെ ഏൽപ്പിച്ചുകഴിഞ്ഞു. ഇതിന്റെ നിർമ്മാണം കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ സ്പെഷ്യൽ പാക്കേജിലോ ഉൾപ്പെടുത്തിയോ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |



സെക്ഷൻ ഓഫീസർ.